**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 305** — **03-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോവളം-ബേക്കൽ ജലപാതയുടെ നിർമ്മാണം 2023-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് കൊണ്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാതയുടെ വികസനം ഘട്ടം ഘട്ടമായി 2025-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടി ട്ടുള്ളത്. അതിനായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി ദ്രുതഗതിയിൽ നടന്നു വരുന്നു. കിഫ്ബി ധനസഹായത്തോടു കൂടിയുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (KWIL) മുഖേനയാണ് നടത്തി വരുന്നത്.<br><br>പശ്ചിമതീര കനാലിന്റെ വിവിധ ഭാഗത്തെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു<br><br><u>i) ആക്കുളം - കഠിനംകുളം - അരിവാളം കനാൽ (33 കി.മീ.)</u><br><br>ഗതാഗതയോഗ്യമായ പ്രസ്തുത റീച്ചിൽ കഠിനംകുളം ഭാഗത്ത് 8 കി.മീറ്റർ കനാലിനു വീതി കൂട്ടുന്ന പ്രവൃത്തി, സെന്റ്ആൻഡ്രൂസ് പാലം നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. കൂടാതെ 4 ബോട്ട്ജെട്ടികളുടെയും മുരുക്കുംപുഴ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണവും പുരോഗമിക്കുന്നു.<br><br>ii) <u>അരിവാളം - ചിലക്കൂർ ടണൽ - തൊട്ടിൽപ്പാലം (3 കി. മീ.)</u><br><br>കനാൽ നിർമാണം പുരോഗമിക്കുന്നു, തൊട്ടിൽ പാലത്ത് ബോട്ട്ജെട്ടിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. അരിവാളം ബീച്ച് മുതൽ തൊട്ടിൽപ്പാലം വരെ കനാൽ സൗന്ദര്യവൽക്കരണത്തിനും നടപ്പാത നിർമ്മാണത്തിനും 19.10 കോടിയുടെ പദ്ധതി |

KIIFB ധനസഹായ ത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(iii) നടയറ – പരവൂർ - കൊല്ലം അഷ്ടമുടി കായൽ (23കി. മീ.)

21 കി. മി. ജലപാത ഗതാഗത യോഗ്യമാണ്. 2കി. മി. (കൊല്ലം തോട് റീച്ച് 3) ഭാഗത്ത് കനാൽ വികസനം പുരോഗമിച്ചുവരുന്നു. കാപ്പിൽ ബോട്ട് ജെട്ടിയുടെ നിർമ്മാണവും പുരോഗമിക്കുന്നു.

(IV) കൊല്ലം – കോട്ടപ്പുറം (168 കി.മീറ്റർ)

ജലപാതയിൽ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി IWAI യുടെ ഫണ്ട് ഉപയോഗിച്ച് നടന്ന് വരുന്നു.

(v) കോട്ടപ്പുറം-ചേറ്റുവാ-ചാവക്കാട്( 60കി. മി.)

മലപ്പുറം ജില്ലയിലെ വെളിയംകോട് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി നബാർഡിന്റെ ധനസഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റീച്ചിൽ കാട്ടൂർ ഭാഗത്തു 5കി.മി. കനാലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തിയും മതിരപ്പള്ളി പാലം നിർമ്മാണവും പൂർത്തിയാകുന്നതോടെ 60കി. മി. ഭാഗത്തു സുഗമമായ ഗതാഗതം സാധ്യമാകും. 3 ബോട്ട്ജെട്ടികളുടെ നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(vi) മണ്ണിട്ടാംപാറ – കല്ലായി റീച്ച് (30കി.മി.)
വടക്കുംപാട്പുഴയിൽ 3കി.മി. ഭാഗത്തെ നരിക്കൽ നീക്കം ചെയ്ത് ആഴം കൂട്ടി പ്രസ്തുത റീച്ച് 2024 മാർച്ചോടെ ഗതാഗതത്തിന് പ്രവർത്തനക്ഷമമാകും. നരിക്കല്ലിന്റെ വ്യാപ്തി നിർണ്ണയിക്കുന്നതിനുള്ള പഠനം ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം പൂർത്തിയാക്കിയിട്ടുണ്ട്.

(vii) ഇരഞ്ഞിക്കൽ - മൂഴിക്കൽ റീച്ച് (30കി.മി.)
ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനായുള്ള ഡ്രെഡ്ജിങ്ങും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു.

(viii) വടകര–മാഹി കനാൽ (17.61 കി.മീ)

കനാലിന്റെ റീച്ച്-1–ൽ (4കി.മീ.) - 35% പ്രവൃത്തി പൂർത്തിയായി. ബാക്കി പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

റീച്ച് - 2- (3.30km ) - പൂർത്തിയായി.

റീച്ച് - 3 - (3.24 km ) - 50% പൂർത്തിയായി ഉയർന്ന ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തികൾക്കായി LBS തയ്യാറാക്കിയ ഡിസൈൻ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

റീച്ച് - 4 - (3.59 km ) - 90% പൂർത്തിയായി

റീച്ച് - 5 - (3.48 km ) - 70% പൂർത്തിയായി.

കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ്, മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ്, വെങ്ങോലിപാലം എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. 13 നടപ്പാലങ്ങളിൽ 11 എണ്ണം പൂർത്തിയായി. ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. മൂഴിക്കൽ നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വടകര-മാഹി കനാലിന്റെ 8കി.മി. ഭാഗം ഗതാഗത യോഗ്യമാകും.

കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ വരയിൽ താഴെ എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മാണം 50% പൂർത്തീകരിച്ചു. എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കായപ്പനച്ചി എന്ന സ്ഥലത്ത് ബോട്ടു ജെട്ടി നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവൃത്തി ആരംഭിച്ചു. എടച്ചേരി പഞ്ചായത്തിൽ മാഹി പുഴയുടെ ഇടത് കരയിൽ കച്ചേരി എന്ന സ്ഥലത്ത് ബോട്ടുജെട്ടി നിർമ്മിക്കുന്നതിന് പുതുക്കിയ നിരക്ക് (DSR 2018) പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ തുകയെക്കാൾ കൂടുതലായതിനാൽ ഭരണാനുമതി പുതുക്കേണ്ടതുണ്ട്.

(ix) <u>വളപട്ടണം - നീലേശ്വരം – കോട്ടപ്പുറം റീച്ച് (60കി. മി.)</u>

മാഹി-വളപട്ടണം കനാലിന്റെ രണ്ടാം കട്ടിന്റെയും മൂന്നാം കട്ടിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത റീച്ചിൽ കനാലുകളും കായലുകളും ഗതാഗതയോഗ്യമാണ്. മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം ഹൗസ് ബോട്ട്ടെർമിനൽ ഉൾപ്പെടെ ബോട്ട്ജെട്ടി കളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

**<u>KIIFB-യുടെ ധനസഹായം ലഭ്യമാക്കുന്ന തിന് അനുമതി നല്കിയ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു</u>.**

| | | | |
|---|---|---|---|
| | | | 1. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണം - 183. 65 കോടി രൂപ<br><br>2. പശ്ചിമ തീര കനാലിന്റെ ഭാഗമായ മാഹി - വളപട്ടണം സ്ട്രെച്ചിന്റെ വികസനം - ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവൃത്തികൾ - 650 കോടി രൂപ.<br><br>3. പശ്ചിമ തീര കനാലിന്റെ വികസനം - 1275 കുടുംബങ്ങളുടെ പുനരധിവാസം - 247.20 കോടി രൂപ.<br><br>4. പാർവ്വതീ പുത്തനാറിന്റെ വികസനം - കോവളം - ആക്കുളം സ്ട്രെച്ചിലെ ഭൂമി ഏറ്റെടുക്കൽ - 87.18 കോടി രൂപ.<br><br>5. പശ്ചിമ തീര കനാൽ വികസനം - നീലേശ്വരം - ബേക്കൽ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ - 186 കോടി രൂപ.<br><br>6. കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട് - (കനോലി കനാൽ വികസനം) - 1118 കോടി രൂപ.<br><br>7. ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് & അസസ്സ്മെന്റ് ഓഫ് എക്കണോമിക് ഡെവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ്-4 കോടി രൂപ.<br><br>8. അരിവാളത്തിനും തൊട്ടിൽപാലത്തിനു മിടയിലുള്ള കനാൽ തീരത്തിന്റെ സൗന്ദര്യവത്കരണം - 19.10 കോടി രൂപ.<br><br>9. ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് & അസസ്സ്മെന്റ് ഓഫ് എക്കണോമിക് ഡെവലപ്മെന്റ് ഓപ്പർച്യൂണിറ്റീസ് - ആക്കുളത്തിനും കൊല്ലത്തിനുമിടയിലുള്ള 70.7 ഏക്കർ ഭൂമി ഏറ്റെടുക്കൽ - 61.58 കോടി രൂപ. |
| (ബി) | കൊല്ലം മുതൽ കല്ലായി വരെ ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റിയുടെ അധീനതയിലുള്ള ജലപാത ദേശീയ ജലപാതയായി ഉയർത്തുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിൽ വരുന്ന ദേശീയ ജലപാത-3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ആവശ്യമായ ടെർമിനലുകൾ നിർമ്മിച്ച് വികസിപ്പിച്ചിട്ടുണ്ട്. ചവറ, കോവിൽത്തോട്ടം നടപ്പാലം പുനർനിർമ്മാണം, ചവറയിലും അഷ്ടമുടി ക്കായലിന്റെ ചില ഭാഗങ്ങളിലും ഡ്രഡ്ജിംഗ് എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ.<br><br>കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ വികസനത്തി നായുള്ള രൂപരേഖ IWAI തയ്യാറാക്കിയ തിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞതിനു മറുപടി |

| | | | |
|---|---|---|---|
| | | | IWAI യ്ക്ക് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ വരുന്ന വെളിയംകോട് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി NABARD ധനസഹായത്തോടു കൂടി നടന്നുവരുന്നു. ദേശീയ ജലപാതാ-3 ന്റെ ഭാഗമായി പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി സംസ്ഥാന പ്ലാൻഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചു. |
| (സി) | ദേശീയ ജലപാതയെ ബന്ധിപ്പിക്കാൻ നിലവിൽ കനാൽ ഇല്ലാത്ത മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ദേശീയ ജലപാതയെ ബന്ധിപ്പിക്കാൻ നിലവിൽ കനാൽ ഇല്ലാത്ത നീലേശ്വരം ബേക്കൽ, മാഹി - വളപട്ടണം ഭാഗങ്ങളിൽ പുതിയ കനാൽ നിർമ്മിക്കാനുള്ള പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മാഹി – വളപട്ടണം റീച്ചിൽ 3 ഭാഗങ്ങളിലായി 26കി. മി. പുതിയ കനാൽ നിർമ്മിക്കണം. ഇതിനായി 650 കോടിരൂപയുടെ KIIFB സഹായത്തിന് അനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായി അലൈൻമെന്റ് രേഖപ്പെടു ത്തുകയും SIA പഠനം EIA പഠനം എന്നിവ ആരംഭിക്കുകയും ചെയ്തു. റീച്ച് 2 ന്റെ SIA പഠനം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ DPR തയാറാക്കുന്നതിനുള്ള നടപടിയും ആരംഭി ച്ചിട്ടുണ്ട്.<br><br>കാസറഗോഡ് ജില്ലയിൽ നീലേശ്വരം - ബേക്കൽ കനാൽ യാഥാർത്ഥ്യമാകുവാൻ നീലേശ്വരം പുഴയ്ക്കും ചിറ്റാരിപ്പുഴയ്ക്കുമിടയിൽ 6.5 കി. മി. പുതിയ കനാൽ നിർമ്മിക്കുകയും നമ്പ്യാർകല്ല് നാവിഗേഷൻ ലോക്ക് നവീകരിക്കുകയും വേണം. ഇതിനു വേണ്ടുന്ന ഭൂമി ഏറ്റെടുക്കുന്നതിന് 186 കോടിയുടെ പദ്ധതിക്ക് KIIFB ധനസഹായം ലഭ്യമാക്കുന്ന തിന് അനുമതി നല്കിയിട്ടുണ്ട്. അലൈൻമെന്റ് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ